"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം എൻ.എസ്.എസ്. റ്റി.റ്റി.ഐ. ആന്റ് യു.പി.എസ്. ചെറുകോൽ സ്കൂളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമതയായ ശ്രീമതി രേഖരാജ് ആർ.ന്റെ നിയമനം നിരസിച്ചതിനെതിരെ എൻ.എസ്.എസ്. സ്കൂൾസ് ജനറൽ മാനേജർ സമർപ്പിച്ച റിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2990/2026/GEDN തീയതി,തിരുവനന്തപുരം, 02-05-2026

---

പരാമർശം:-

1. എൻ.എസ്.എസ്. സ്കൂൾസ് ജനറൽ മാനേജർ & ഇൻസ്പെക്ടർ സമർപ്പിച്ച 07/06/2025-ലെ എ2/2500/2024 നമ്പർ റിഷൻ ഹർജി.
2. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/07/2025-ലെ DEOPTA/973/2025-B2 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/07/2025-ലെ ഇ.റ്റി.3/12973/2025/ഡിജിഇ നമ്പർ കത്ത്.
4. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21/07/2025-ലെ DDEPTA/2010/2025-B4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എൻ.എസ്.എസ്. റ്റി.റ്റി.ഐ. ആന്റ് യു.പി.എസ്. ചെറുകോൽ സ്കൂളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമതയായ ശ്രീമതി രേഖരാജ് ആർ.ന്റെ നിയമനം നിരസിച്ചതിനെതിരെ എൻ.എസ്.എസ്. സ്കൂൾസ് ജനറൽ മാനേജർ സമർപ്പിച്ച റിഷൻ ഹർജിയിന്മേൽ 22/07/2025 തീയതിയിൽ വാദം കേട്ടു.

2.<u>മാനേജരുടെ വാദം താഴെപ്പറയും പ്രകാരം ആയിരുന്നു.</u>

"കാട്ടൂർ എൻ.എസ്.എസ്. ഹൈസ്കൂൾ, എൻ.എസ്.എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളാണ്. ഈ സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളുടെ ഗണത്തിൽപ്പെടുന്ന സ്കൂൾ ആണ്. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ

സ്ഥിരനിയമനം പാടില്ലാ എന്നും അങ്ങനെയുള്ള സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുവാൻ പാടുള്ളൂ എന്നും കാലാകാലങ്ങളായി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

കാട്ടൂർ എൻ.എസ്.എസ്. ഹൈസ്കൂളിൽ എച്ച്.എസ്.റ്റി. (ഗണിതം) ആയി ജോലി ചെയ്തുവന്നിരുന്ന ശ്രീ.പ്രസേൻകുമാർ എ. യെ കാട്ടൂർ ഹൈസ്കൂളിൽ തന്നെ 21/04/2016 മുതൽ ഹെഡ്മാസ്റ്റർ ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 40 വയസ്സ് പൂർത്തീകരിച്ച ശ്രീമതി രേഖാരാജ് എന്ന അദ്ധ്യാപികയെ 25/05/2024 മുതൽ 31/03/2025 വരെ ദിവസവേതനാടിസ്ഥാനത്തിൽ മാനേജർ നിയമിക്കുകയുണ്ടായി. 30/05/2024 ലെ സ.ഉ.(സാധാ)നമ്പർ 3405/2024/ജന. എഡ്യൂക്കേഷൻ പ്രകാരം 30 ദിവസത്തിൽ കൂടുതൽ ഉള്ളതും ഒരു അക്കാദമിക് വർഷത്തിൽ കുറവുള്ളതുമായ ഒഴിവിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള താല്ക്കാലിക നിയമനങ്ങൾക്ക് 56 വയസ്സ് വരെയുള്ള നിയമനാർത്ഥികളെ പരിഗണിക്കാവുന്നതാണ്. എന്നാൽ കാട്ടൂർ എൻ.എസ്.എസ് ഹൈസ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നു എന്നും ഇത്തരം സ്കൂളുകളിലെ നിയമനം 12/06/2018 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 83/2018 പ്രകാരമാണ് ദിവസവേതനാടിസ്ഥാനത്തിൽ നടത്തേണ്ടത് എന്നും 30/05/2024 ലെ ഉത്തരവ് ഇവിടെ ബാധകമല്ല എന്നുമുള്ള കാരണം പറഞ്ഞ് 05/11/2024 തീയതിയിലെ ബി2/754409/2024 നമ്പർ ഉത്തരവ് പ്രകാരം നിയമനാംഗീകാരം നിരസിക്കുകയുണ്ടായി.

പത്തനംതിട്ട ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും ജില്ലാവിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച 40 വയസ്സ് കഴിഞ്ഞു എന്ന അതേകാരണം പറഞ്ഞുകൊണ്ട് 21/03/2025 തീയതിയിലെ ബി4/796136/2024 നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ അപ്പീൽ നിരസിക്കുകയുണ്ടായി.

പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകുകയും എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട കക്ഷികളെ ആരേയും കേൾക്കാതെ ജില്ലാവിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും പറഞ്ഞ അതേ കാരണങ്ങൾ കാണിച്ച് 03/06/2025 തീയതിയിലെ ഇറ്റി3/826489/2025 നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ നിരസിക്കുകയുണ്ടായി.

30/05/2024 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 3435/2024/ജന.എഡ്യൂക്കേഷൻ

ഉത്തരവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് 2024-2025 അദ്ധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ താല്ക്കാലിക നിയമനം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ 6-ാംമതായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ സ്ഥിരനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം പ്രായപരിധിക്കും വിരമിക്കൽ പ്രായത്തിനുമകത്തുള്ളവരെ (36 വയസ്സ്) പരിഗണിക്കാവുന്നതാണ് എന്ന് പരാമർശിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിൽ ഒരിടത്തും ഇക്കണോമിക് എന്നോ അൺഇക്കണോമിക് എന്നോ പറഞ്ഞിട്ടില്ല. ദിവസവേതനത്തെ സംബന്ധിച്ചുള്ള സ്പഷ്ടീകരണമാണ് നൽകിയിട്ടുള്ളത്.

ആകയാൽ മേൽ വിവരിച്ച സാഹചര്യങ്ങളുടെ വെളിച്ചത്തിൽ കാട്ടൂർ എൻ.എസ്.എസ്. ഹൈസ്കൂളിൽ ദിവസവേതനത്തിൽ നിയമിച്ച 40 വയസ്സ് പൂർത്തീകരിച്ച ശ്രീമതി രേഖ രാജ് ന്റെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകണമെന്ന് നിർദ്ദേശിച്ച് അപ്പീൽ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു."

<u>3.വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം വാദിച്ചു.</u>

"ശ്രീമതി രേഖ രാജ് ആർ.നെ മാനേജർ എച്ച്.എസ്.റ്റി. ഗണിതം തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 28/06/2024 മുതൽ 31/03/2025 വരെ കാട്ടൂർ എൻ.എസ്.എസ്. ഹൈസ്കൂളിൽ നിയമിച്ചു. ടി സ്കൂളിൽ എച്ച്.എസ്.റ്റി. ഗണിതം തസ്തികയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ.പ്രസൻ കുമാർ എ. യ്ക്ക് മാനേജർ സ്ഥാനകയറ്റം നൽകി എച്ച്.എം. തസ്തികയിൽ 21/04/2016 മുതൽ നിയമിച്ച ഒഴിവിലാണ് നിയമനം നടത്തിയിട്ടുള്ളത്. തുടർന്ന് മാനേജർ നിയമന അപേക്ഷയും മറ്റു അനുബന്ധ രേഖകളും നിയമന അംഗീകാരത്തിനായി പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ചു.

30/5/2024 ലെ സ.ഉ.(സാധാ)നം.3405/2024/പൊവിവ പ്രകാരം 30 ദിവസത്തിൽ കൂടുതൽ ഉള്ളതും, അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ അവധി ഒഴിവിലെ ദിവസവേതനടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനങ്ങൾക്ക് 56 വയസ്സു വരെ നിയമനാർഥികളെ പരിഗണിക്കാവുന്നതാണ് എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ടി സ്കൂൾ മതിയായ എണ്ണം കുട്ടികളിലില്ലാത്ത സ്കൂളുകളുടെ ഗണത്തിൽ പെടുന്നതാണ്. ഇത്തരം സ്കൂളുകളിലെ നിയമനം 12/06/2018 ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 83/2018 പ്രകാരം ആണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടത്. ആയതിനാൽ

ഇവിടെ 30/05/2024 ലെ സ.ഉ.(സാധാ)നം.3405/2024/പൊവിവ ഉത്തരവ് ബാധകമല്ല. നിയമിതയ്ക്ക് 14/05/2023 ൽ 40 വയസ്സ് പൂർത്തിയാകുന്നുണ്ട്. ടിയാരിയുടെ നിയമന തീയതി 28/06/2024 ആണ്. 01/01/2024 ന് നിശ്ചിത പ്രായപരിധി അധികരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലാണ് കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ ചട്ടം 8(3) പ്രകാരം കാട്ടൂർ എൻ.എസ്.എസ്. ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. ഗണിതം തസ്തികയിലേക്കുള്ള ശ്രീമതി രേഖ രാജ് ആർ.ന്റെ 28/06/2024 മുതൽ 31/03/2025 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചത്. മാനേജർ പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ തുടങ്ങിയവർക്ക് അപ്പീലുകൾ സമർപ്പിച്ചുവെങ്കിലും ആയതും നിരസിച്ച് ഉത്തരവായി.

30/05/2024 ലെ സ.ഉ.(സാധാ)നം.3405/2024/പൊവിവ പ്രകാരം പ്രായപരിധി പരിഗണിക്കാതെ ശ്രീമതി രേഖാ രാജിന്റെ നിയമനം അംഗീകരിക്കുന്നതിനാണ് സ്കൂൾ മാനേജർ അപ്പീൽ നൽകിയിട്ടുള്ളത്. മാനേജരുടെ പ്രസ്തുത ആവശ്യം പരിഗണനാർഹമല്ല."

4.സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി രേഖ ആർ. നെ മാനേജർ എച്ച്.എസ്.റ്റി. ഗണിതം തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 28/06/2024 മുതൽ 31/03/2025 വരെ കാട്ടൂർ എൻ.എസ്.എസ്. ഹൈസ്കൂളിൽ നിയമിച്ചു. ഈ സ്കൂളിൽ എച്ച്.എസ്.റ്റി. ഗണിതം തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പ്രസന്നകുമാർ എ.കെ. യെ മാനേജർ സ്ഥാനക്കയറ്റം നൽകി എച്ച്.എം. തസ്തികയിൽ 21/04/2018 മുതൽ നിയമിച്ച ഒഴിവിലാണ് ശ്രീമതി രേഖ രാജിനെ നിയമിച്ചത്.

5. ടി സ്കൂൾ മതിയായ എണ്ണം കുട്ടികളിലില്ലാത്ത സ്കൂളുകളുടെ ഗണത്തിൽ പെടുന്നതാണ്. ഇത്തരം സ്കൂളുകളിലെ നിയമനം 12/06/2018 ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 83/2018 പ്രകാരം ആണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടത്. ആയതിനാൽ ഇവിടെ 30/05/2024 ലെ സ.ഉ.(സാധാ)നം.3405/2024/പൊവിവ ഉത്തരവ് ബാധകമല്ല. നിയമിതയ്ക്ക് 14/05/2023 ൽ 40 വയസ്സ് പൂർത്തിയാകുന്നുണ്ട്. ടിയാരിയുടെ നിയമന തീയതി 28/06/2024 ആണ്. 01/01/2024 ന് നിശ്ചിത പ്രായപരിധി അധികരിച്ചിട്ടുണ്ട്. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ ചട്ടം 8(3) പ്രകാരം കാട്ടൂർ എൻ.എസ്.എസ്. ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. ഗണിതം തസ്തികയിലേക്കുള്ള ശ്രീമതി രേഖ രാജ് ആർ.ന്റെ 28/06/2024 മുതൽ 31/03/2025 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം

വിദ്യാഭ്യാസ അധികാരികൾ നിരസിച്ചത് ക്രമപ്രകാരമാണ്.

6.ജി.ഒ.(ആർ.റ്റി) നം.3456/2025/പൊവിവ തീയതി 23/05/2025 പ്രകാരം നൽകിയിട്ടുള്ള മാർഗ്ഗനിർദേശങ്ങളിൽ മുപ്പത് ദിവസത്തിൽ അധികവും ഒരു അക്കാദമിക വർഷത്തിൽ താഴെയും ദൈർഘ്യമുള്ള ഒഴിവുകൾക്ക് ബാധകം എന്ന് പരാമർശിച്ചിട്ടുണ്ട്. ഈ ഒഴിവുകൾ വരുന്ന നിയമനങ്ങൾക്ക് മാത്രമേ 56 വയസ്സ് വരെ പരിഗണിക്കുന്നതിന് ഇളവും അർഹതയും ഉള്ളൂ എന്നതിനാൽ റെഗുലർ പ്രമോഷനിൽ ഉള്ള ഈ നിയമനത്തിന് ഉത്തരവ് ബാധകമല്ല.

7.മേൽ സാഹചര്യത്തിൽ കാട്ടൂർ എൻ.എസ്.എസ്. ഹൈസ്കൂളിൽ ദിവസവേതനത്തിൽ നിയമിച്ച 40 വയസ്സ് പൂർത്തീകരിച്ച ശ്രീമതി രേഖ രാജ് ന്റെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിലെ നിയമനം അംഗീകരിച്ച നൽകണമെന്ന് പരാമർശം 1 റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

ശ്രീ.ജയകുമാർ റ്റി.ജി., ജനറൽ മാനേജർ & ഇൻസ്പെക്ടർ, എൻ.എസ്.എസ്. സ്കൂൾസ്,
എൻ.എസ്.എസ്. ഹെഡ് ഓഫീസ്, പെരുന്ന, ചങ്ങനാശ്ശേരി.
ശ്രീമതി രേഖരാജ് ആർ., എച്ച്.എസ്.റ്റി., എൻ.എസ്.എസ്. ഹൈസ്കൂൾ, കാട്ടൂർ.
ഹെഡ്മിസ്ട്രസ്സ്, എൻ.എസ്.എസ്. ഹൈസ്കൂൾ, കാട്ടൂർ.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(30.03.2026 ലെ GE-JA3/634/2025-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/92/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 02-05-2026 12:46:54

സെക്ഷൻ ഓഫീസർ